തിരുവിതാംകൂർ–കൊച്ചിയിലെ അദ്ധ്യാപക ശമ്പളക്രമീകരണം എന്ന നടപ്പിൽ വരുത്തും ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ): ഇക്കാര്യം ഗവണ്മെണ്ടിന്റെ പരിഗണനയിൽ ഇരിക്കുകയാണ്. കഴിയുന്നതും വേഗം നടപ്പിൽവരുത്താനാണ് ഉദ്ദേശിക്കുന്നത്.

അഞ്ചൽവകുപ്പു സംഘടനം

*നം ൦൭. (൭൫) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട അഞ്ചൽവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) അഞ്ചൽവകുപ്പു സംഘടനം പൂർത്തിയായൊ ;

(ബി) സംഘടനത്തോടുകൂടിത്തന്നെ തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തുള്ള അഞ്ചൽ ജീവനക്കാരുടെ ശമ്പളത്തിനു വല്ല വ്യത്യാസവും വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ) :

(എ) ആൻഡ് (ബി) അഞ്ചൽവകുപ്പു കേന്ദ്രഗവണ്മെണ്ടു് ഏറ്റെടുക്കുന്നകാര്യവും ശമ്പളസമീകരണകാര്യവും കേന്ദ്രഗവണ്മെണ്ടിന്റെ ആലോചനയിൽ ഇരിക്കയാണ്.

ബോട്ട് സർവ്വീസ്

*നം ൦൮. (൫൯) ശ്രീ. എ. എൽ. ജേക്കബ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) എറണാകുളം–മട്ടാഞ്ചേരി ഫെറി സർവ്വീസിൽ എത്ര ബോട്ടുകൾ ക്രമമായി ഓടുന്നുണ്ട് ?

(ബി) സർവ്വീസിന്റെ കാര്യക്ഷമതയില്ലായ്മയെപ്പറ്റി യാത്രക്കാരിൽ നിന്നും വല്ല പരാതിയും ഗവണ്മെണ്ടിനു സിദ്ധിച്ചിട്ടുണ്ടോ ?

(സി) ഫെറി സർവ്വീസ് ഗവണ്മെണ്ടു് ഏറ്റെടുത്തതുമുതൽ ഓരോ വർഷവും ഉണ്ടായിട്ടുള്ള ലാഭനഷ്ടമെത്ര ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ) :

(എ) എറണാകുളം–മട്ടാഞ്ചേരി ഫെറിസർവ്വീസിൽ ക്രമമായി അഞ്ചു ബോട്ടുകളും തിരക്കുള്ള സമയങ്ങളിൽ പ്രത്യേകമായി വേറൊരു ബോട്ടും ഓടിക്കുന്നുണ്ട്.

(ബി) ഉണ്ട്.

(സി) കൊല്ലവർഷം ൧൧൩൮–ൽ ൧൫,൪൩൹രൂ. ൩൫പൈ യും ൧൧൩൯–ൽ ൪൦,൪൩൫രൂ. ൬൦. ൧൫പൈയും ആദായമുണ്ടായിരുന്നു. ൧൧൩൬-ാമാണ്ടത്തെ കണക്കുകൾ ശരിപ്പെടുത്തി കഴിഞ്ഞിട്ടില്ലായ്കയാൽ ഏതു ലാഭമുണ്ടായിരിക്കുമെന്നു പറയാൻ ഇപ്പോൾ നിവൃത്തിയില്ല.

വനം പതിവു്

*നം ൦൯. (൩൦) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

'പറവൂർ പൊന്നമ്മ' എന്നൊരു വനിതയ്ക്കു് നെടുമങ്ങാടു് താലൂക്കിലുള്ള വനത്തിൽനിന്നും ൪ ഏക്കർ സ്ഥലം കൊടുത്തെന്നു വൻ ൪ ജനുവരി ൧൯–൫

LIBRARY ARCHIVES Kerala Legislative Assembly